**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3838** **17-03-2025 - ൽ മറുപടിയ്ക്ക്**

**ഐ.ടി. നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതിയ ഐ.ടി. നയം കൊണ്ടുവരുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (എ) | ഐ.ടി/ഐ.ടി.ഇ.എസ് മേഖലകളിലുണ്ടായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട്, കാലഘട്ടത്തിനനുസൃതമായി വിവര സാങ്കേതിക പദ്ധതികൾ, ഇ-ഗവേണൻസ് സംരംഭങ്ങൾ എന്നിവ ഫലപ്രദമായി നടപ്പാക്കുന്നതിന്റെ ഭാഗമായി ഒരു പുതിയ ഐടി നയം തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി ഐ.ടി രംഗത്തെ വിദഗ്ദ്ധർ ഉൾപ്പെടുന്ന ഒരു സമിതി രൂപീകരിച്ചിരുന്നു. ഈ വിദഗ്ധ സമിതി പല തലങ്ങളിലുള്ള ചർച്ചകൾ നടത്തി തയ്യാറാക്കിയ കരട് ഐ.ടി. നയത്തിന്മേൽ പൊതുജനങ്ങളുടെയും, വിവിധ വകുപ്പുകളുടെയും അഭിപ്രായങ്ങളും/ നിർദ്ദേശങ്ങളും ഉൾപ്പെടുത്തി, ഇതോടൊപ്പം മറ്റു സംസ്ഥാനങ്ങളിലെ ഐ.ടി നയങ്ങളിലെ വ്യവസ്ഥകളുമായി താരതമ്യം ചെയ്ത് തയ്യാറാക്കിയ കരട് വിവരസാങ്കേതിക വിദ്യാനയം-2025 അംഗീകരിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ